പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2068 **26-10-2026-ൽ മറുപടിയ്ക്ക്**

റേഷൻ കാർഡുകളുടെ എണ്ണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. പി. സുമോദ് ശ്രീ. അനുപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് നിലവിൽ എത്ര റേഷൻ കാർഡുകളുണ്ട്; എ.എ.വൈ, പി.എച്ച്.എച്ച്, എൻ.പി.എച്ച്.എച്ച്, എൻ.പി.എസ് വിഭാഗങ്ങളായി തിരിച്ച്, ജില്ലാ അടിസ്ഥാനത്തിലുള്ള കണക്കുകൾ വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്ത് നിലവിൽ ആകെ 96,03,653 റേഷൻ കാർഡുകളാണുള്ളത്.

എ.എ.വൈ (AAY), പി.എച്ച്.എച്ച് (PHH), എൻ.പി.എസ് (NPS), എൻ.പി.എൻ.എസ് (NPNS), എൻ.പി.ഐ (NPI) എന്നീ വിഭാഗങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ **അനുബന്ധം 1** ആയി ചേർക്കുന്നു.

(ബി) മുൻഗണനാ റേഷൻ കാർഡിനായി ലഭിച്ച അപേക്ഷകളിൽ നിലവിൽ എത്രയെണ്ണമാണ് പരിഗണനയിലുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

മറുപടി: മുൻഗണനാ റേഷൻ കാർഡിനായുള്ള അപേക്ഷകൾ നിലവിൽ ഓൺലൈനായാണ് സ്വീകരിക്കുന്നത്. ഇത്തരത്തിൽ സമർപ്പിക്കപ്പെട്ട എല്ലാ ഓൺലൈൻ അപേക്ഷകളിലും നടപടി പൂർത്തിയാക്കിയിട്ടുണ്ട്.

ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്ന കുടുംബങ്ങളിലെ അംഗങ്ങളുടെ ഗുരുതരരോഗബാധ, ഭിന്നശേഷി, സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥ എന്നിവ പരിശോധിച്ച് മെറിറ്റ് അടിസ്ഥാനത്തിൽ കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി 27.10.2020-ലെ സ.ഉ. (സാധാ) നം. 319/2020/ഭ.പൊ.വി.വ. പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതുപ്രകാരം മാനുവലായി ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസുകൾ മുഖേന പരിശോധിച്ച് ആവശ്യമായ അന്വേഷണം നടത്തി അർഹത വിലയിരുത്തിയശേഷം റിപ്പോർട്ട് സഹിതം ലഭ്യമാക്കുന്ന കേസുകൾ പ്രത്യേകമായി പരിഗണിക്കുകയും അർഹതയുള്ള പക്ഷം റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് തരംമാറ്റി അനുവദിക്കുകയും ചെയ്തുവരുന്നു.

ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ നിലവിൽ പരിഗണനയിലുള്ള ആകെ അപേക്ഷകൾ 603 എണ്ണമാണ്. അവയുടെ ജില്ല തിരിച്ചുള്ള വിവരം **അനുബന്ധം 2** ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം 1

ക്രമ നമ്പർ	ജില്ല	എ.എ.വൈ	പി.എച്ച്. എച്ച്	എൻ.പി. എസ്	എൻ.പി.എൻ. എസ്	എൻ.പി. ഐ	ആകെ
1	തിരുവനന്തപുരം	61447	487446	146490	342529	839	1038751
2	കൊല്ലം	47088	359998	152541	244378	1031	805036
3	പത്തനംതിട്ട	22449	122325	83562	139030	454	367820
4	ആലപ്പുഴ	38351	293067	105805	187712	1132	626067
5	കോട്ടയം	34097	195080	111101	215119	6975	562372
6	ഇടുക്കി	34296	140935	61493	84538	2543	323805
7	എറണാകുളം	35499	304014	232999	348481	6539	927532
8	തൃശ്ശൂർ	53829	342142	228178	287990	4911	917050
9	പാലക്കാട്	49875	389383	134603	252334	1150	827345
10	മലപ്പുറം	50737	439537	286502	300968	204	1077948
11	കോഴിക്കോട്	38301	327259	204560	266774	1287	838181
12	വയനാട്	55163	78917	46181	59207	994	240462
13	കണ്ണൂർ	37131	202977	192178	261703	1671	695660
14	കാസറഗോഡ്	32935	132403	89093	100999	194	355624
	ആകെ	**591198**	**3815483**	**2075286**	**3091762**	**29924**	**9603653**

അനുബന്ധം 2

ക്രമ നംബർ	ജില്ല	അപേക്ഷകളുടെ എണ്ണം
1	തിരുവനന്തപുരം	82
2	കൊല്ലം	56
3	പത്തനംതിട്ട	03
4	ആലപ്പുഴ	12
5	കോട്ടയം	10
6	ഇടുക്കി	04
7	എറണാകുളം	40
8	തൃശ്ശൂർ	21
9	പാലക്കാട്	66
10	മലപ്പുറം	67
11	കോഴിക്കോട്	97
12	വയനാട്	27
13	കണ്ണൂർ	106
14	കാസർഗോഡ്	12
	ആകെ	**603**